

പറവക്കൂട്ടം
എസ്.എസ്.എച്ച്.എസ്.എസ്
വഴിത്തല

## ആശംസ

ഇത് നവമാധ്യമങ്ങളുടെ കാലം. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം കുട്ടികളുടെ വിവരസാങ്കേതികവിദ്യയെ നിരന്തരം വളർത്തുന്നു. **2019-2021** ബാച്ചിലെ ലിറ്റിൽ കൈറ്റസ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ ശ്രദ്ധേയമാണ്. **പറവക്കൂട്ടം** എന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ കുട്ടികൾക്ക് എല്ലാ ആശംസകളും നേരുന്നു.

ആശംസകളോടെ....

ഹെഡ്മാസ്റ്റർ

സണ്ണിച്ചൻ ആന്റിണി

# എഡിറ്റോറിയൽ ബോർഡ്

1. അഭിജിത്ത് കെ.മനോജ്
2. അക്ഷയ്ജിത്ത് ഗിരീഷ്
3. ജോർജ് കുര്യൻ
4. അനീന ജോയി
5. അന്ന ജോബി
6. അന്ന മരിയ ജോസ്
7. ആഷ് ലി ജോഷി
8. സെ്ററല്ല അലക്സ്

# ഉള്ളടക്കം

ആമുഖം 7
നന്ദി 8
പഴഞ്ചൊല്ലുകൾ 11
കേരളവർമ്മ വലിയകോയിതമ്പുരാൻ 13
ലോകത്തെ മാറ്റിമറിച്ച കണ്ടുപിടിത്തങ്ങൾ 15
17
പഴഞ്ചൊല്ലുകൾ 17
കടംകഥകൾ 18
സന്തോഷത്തിന്റെ രഹസ്യം 20
പുകയിലയെ പ്രതിരോധിക്കാം 22
പുകയിലയുടെ ദോഷഫലങ്ങൾ 23
വീണ്ടടഞ്ഞ കിനാക്കൾ 24
കുട്ടികളുടെ അവകാശങ്ങൾ 25
ഉപ്പുപ്പാൻെറ പേര് 26
അമ്മ 28
കഥകളി 29

ഫലിതങ്ങൾ 31
തുടിതാളം തേടി 33
മഹത് വചനങ്ങൾ 34
സ്വർണ്ണമീൻ 35
പ്രകൃതി സംരക്ഷണം 37
കേരള ഗാനം 38
നാടൻപാട്ട് 39
കുടയും ചെരിപ്പും 40
ഊണിൻെറ മേളം 41
ചില വിഷജന്തുക്കൾ 42
എന്റെ പനിനീർച്ചെടി 43
കാലിതൊഴുത്തിലെ തിരുപിറവി 45
എന്റെ വിദ്യാലയം 47
ലോകം അവസാനിക്കുന്നേ 50
തിരിച്ചുവരവിന്റെ കഥ 51
നല്ല നാളുകൾ 52
കടംകഥകൾ 53
പുൽച്ചെടികൾ 54

ക്വിസ് ........ 56
വണ്ടും ഞണ്ടും ........ 58
ആന വരുന്നുണ്ടേ ........ 59
ക്രിസ്തുമസ് ഫാദർ ........ 60
മദർ തെരേസ ........ 61

# ആമുഖം

അത്ഭുതകരമായ ബുദ്ധി ദൈവത്താൽ അനുഗ്രഹീതമായ കണ്ടുപിടിത്തമാണ് കംമ്പ്യൂട്ടർ ടെക്നോളജി. മനുഷ്യധ്വാനത്തെ ലഘൂകരിക്കുന്നതാണ് എല്ലാ യന്ത്രങ്ങളുംഎന്നത് നമുക്കറിയാം. ശാരീരികാധ്വാനത്തെ മാത്രമല്ല ചിന്താപരമായ അധ്വാനത്തെക്കൂടി അയത്നലളിതമാക്കിത്തീർക്കാൻ കഴിഞ്ഞ കണ്ടെത്തലായ ആർട്ടിഫിഷൻ ഇൻെറലിജൻസും വിവരസാങ്കേതിക വിദ്യയുമെല്ലാം ചേർന്ന് അത്യാധുനിക സമൂഹിക ജീവിതം അത്ഭുതകരമായ വിധത്തിൽ നവീകരിക്കപ്പെട്ടിരിക്കുന്ന കാലഘട്ടത്തിൽ ഭാവിയിലെ ശാസ്ത്രപ്രതിഭകളെ കണ്ടെത്തി വളർത്തുന്നതിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ തികച്ചും അഭിനന്ദനാർഹമാണ്. പുതിയ കാലത്തിൻെറ സാങ്കേതിക വിദ്യയുടെ നിരന്തരവികാസ പരിണാമം കൊണ്ടും സഞ്ചരിക്കാൻ വിദ്യാർത്ഥികൾക്ക് നവീനമായ പരിശീലനം നൽകി നന്നായി മുന്നേറികൊണ്ടിരിക്കുന്ന 'വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ ഭാവിയിലെ മഹാ ശാസ്ത്രജ്ഞൻമാരും സാങ്കേതികവിദ്ഗധരെയും വാർത്തെടുക്കാനായി മുന്നേറി കൊണ്ടിരിക്കുകയാണ്. ലിറ്റിൽ കൈറ്റസിന്റെ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകി ഞങ്ങളെ പരിശീലിപ്പിക്കുന്ന എല്ലാ അധ്യാപകർക്കും പ്രിയ സഹപാഠികൾക്കും നന്ദി പറഞ്ഞുകൊണ്ട് ഭാവിയുടെ പ്രകാശമായി തീരാൻ ലിറ്റിൽ കൈറ്റസ് പ്രചോദനമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് സവിനയം സമർപ്പിക്കുന്നു

പറവക്കൂട്ടം

# നന്ദി

ശീതം തഴച്ച ശിശിരമായ്,പാരിടം
പ്രേതംകണക്കെ വിറങ്ങലിച്ചു.
ധൂസരവർണ്ണമാം വാനത്തിൽനിന്നനു-
വാസരമത്യുഗ്രശാപംപോലെ
ചിന്തിന വെൺമഞ്ഞുപാളികളെമ്പാടു
മന്ത്യനിചോളം വിരിക്കയായി.
പാതവക്കത്തെഴും പാഴ് മരം ഞാനെന്റെ
ചേതന ചൂളിത്തരിച്ചു നിന്നു.
പത്രങ്ങൾ വീണുപോയ് ജീവദ്രവം കട്ട-
കുത്തിയോരെൻ ചെറുചില്ലതോറും
ചൂളമിട്ടെത്തിടും കാറ്റുക,ളെന്നുയിർ-
ച്ചൂടു കുടിച്ചുകുടിച്ചു ചീറി,
ആകവേ ബോധം കെടുന്നൊരെൻ ജീവനോ-
'ടാശവേ,ണ്ടാശവേ,'ണ്ടെന്നു ചൊല്ലി.
എത്രനാളാ,യറിഞ്ഞീല ഞാൻ, ചില്ലയി-
ലിത്തിരിച്ചൂടേറ്റു ഞാനുണർന്നു

പറവക്കൂട്ടം

ക്രൂരം തണുപ്പിനാലാഹതയാകിലും
ധീരമാം ഭാവിവിശ്വാസമോടേ,
എൻ ചെറുശാഖയിൽ കൂടുകൂട്ടീടുന്നു
കൊഞ്ചിക്കടഞ്ഞൊരു കൊച്ചുപക്ഷി!
ഓതുവൻ, ചിത്രാംഗിയാകും വസന്തത്തിൻ്റെക-
ദൂതി,നിനക്കഭിവാദനങ്ങൾ;
മൃത്യുവിൻ മുഷ്ടിയിൽനിന്നെന്നെ മീളുവാ-
നെത്തിയല്ലോ നീ വിരുന്നുകാരി!
പട്ടിളംകാൽവെച്ചു നീയും, കിടാങ്ങൾതൻ
തൊട്ടിലുമെൻകൊമ്പിലാടിനില്ക്കേ,
നാളെയിപ്പാഴ് മഞ്ഞുതുക്കകൾ, പാടുന്ന
ചോലകളാക്കിച്ചമച്ചു ചുറ്റും,
ഭാനുകിരണങ്ങൾ തുള്ളവേ, പാടുമീ
ഞാനും നവദലച്ചാർത്തിലൂടെ.
ചിന്നുമെൻ പാട്ടിലിപ്പല്ലവി, "വിണ്ണിൻ്റെ
നന്ദിനി,നന്ദി നിനക്കു നന്ദി!"

## ചവർപ്പുള്ള പഴങ്ങൾ

മിടുക്കനായ പാചകക്കാരനായിരുന്നു ധനപാലൻ. പാചകത്തിൽ തന്റെയത്ര അറിവ് മറ്റാർക്കുമില്ലെന്ന ഭാവമാണ് ധനപാലന്. ധനപാലന്റെ സഹായിയാണ് ഹേമചന്ദ്രൻ എന്ന വൃദ്ധൻ. തക്കം കിട്ടിയാൽ ധനപാലൻ ഹേമചന്ദ്രനെ കളിയാക്കും!

ഒരിക്കൽ ഇരുവരും കൂടി ഒരു യാത്ര പോയി. കുറേച്ചെന്നപ്പോൾ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിലിരുന്നു. വഴിപോക്കരായ ഒരു കുടുംബം അവിടെയുണ്ടായിരുന്നു. കുട്ടികൾ വിശന്ന് തളർന്നിരിപ്പായിരുന്നു.ഹേമചന്ദ്രൻ സമീപത്തുള്ള പല മരങ്ങളിൽനിന്ന് കുറേ പഴങ്ങൾ പറിച്ചെടുത്തു കൊണ്ടുവന്നു. "കഴിച്ചോളൂ..." അയാൾ ധനപാലനു മുന്നിലേക്ക് പഴങ്ങൾ നീക്കിവച്ചു. "ഇവയിൽ ഏതൊക്കെ പഴങ്ങൾക്കാണ് രുചിയുള്ളതെന്ന് ഒറ്റനോട്ടത്തിൽ എനിക്ക് മനസ്സിലാകും." ധനപാലൻ അഹങ്കാരത്തോടെ പറഞ്ഞു. എന്നിട്ട് അയാൾ കൂട്ടത്തിലെ മധുരമുള്ള പഴങ്ങൾ എടുത്ത് തനിക്ക് കഴിക്കാനായി മാറ്റി വച്ചു.ഹേമചന്ദ്രൻ കൂട്ടത്തിലെ ചവർപ്പുള്ള പഴങ്ങളാണ് കഴിക്കാനെടുത്തത്.ബാക്കി അയാൾ ആ കുടുംബത്തിനു നൽകി.

താൻ എന്തൊരു മണ്ടനാ? "താൻ തിരഞ്ഞെടുത്ത പഴങ്ങളെല്ലാം കയിപ്പുള്ളതാ....." ആളുകളെല്ലാം കേൾക്കുംവിധം ഉച്ചത്തിൽ പറഞ്ഞ് ധനപാലൻ ഹേമന്ദനെ പരിഹസിച്ചു." അതെനിക്കറിയാം, മധുരമുള്ള പഴങ്ങൾ കുട്ടികൾ തിന്നോട്ടെയെന്ന് കരുതിയാണ് ഞാൻ അറിഞ്ഞു കൊണ്ട് ചവർപ്പുള്ള പഴങ്ങൾ കഴിക്കാനെടുത്തത്. മറ്റുള്ളവരുടെ വിശപ്പറിയുന്നവനേ നല്ല പാചകക്കാരനാകാൻ കഴിയൂ എന്നാണ് ഞാൻ പഠിച്ചിട്ടുള്ളത്." ഹേമചന്ദ്രൻ പറഞ്ഞതു കേട്ട് ധനപാലൻ ഒന്നും മിണ്ടിയില്ല.

പറവക്കൂട്ടം

## പഴഞ്ചൊല്ലുകൾ

1. കൈയാടിയാലേ വായാടൂ.

**അർഥം:അധ്വാനിച്ചാലേ ആഹാരത്തിന് വകയുണ്ടാകൂ.**

2. അകത്തു കത്തിയും പുറത്ത് പത്തിയും.

**അർഥം:ഉള്ളിൽ വെറുപ്പും പുറമെ സ്നേഹവും  കാണിക്കുന്ന സ്വഭാവം.**

3. അഞ്ചു വിരലും ഒരുപോലല്ല.

**അർഥം:എല്ലാ മക്കളും ഒന്നുപോലെയാവില്ല.**

4. ആറിയ കഞ്ഞി പഴങ്കഞ്ഞി.

**അർഥം:കാലപ്പഴക്കംകൊണ്ട് ഉത്സാഹം തീരും.**

5. ഇടിച്ചുനേടുന്നത് ചിരിച്ചു നേടാം.

**അർഥം:നയത്തിൽ പെരുമാറിയാലും കാര്യങ്ങൾ സധിക്കാം.**

പറവക്കൂട്ടം

6. ഇറക്കമുണ്ടെങ്കിൽ ഏറ്റവുമുണ്ട്.

**അർഥം: കഷ്ടകാലമുണ്ടെങ്കിൽ നല്ല കാലവുമുണ്ട്**

7. ആകെ കുളിച്ചാൽ കുളിരില്ല.

**അർഥം: നാണം കെട്ടവന് പിന്നെന്തു നാണക്കേട്?**

8. ആശാനും അടവു തെറ്റും.

**അർഥം: പഠിച്ചവർക്കും അബദ്ധം പറ്റാവുന്നതാണ്**

9. ആളേറിയാൽ പാമ്പു ചാവില്ല.

**അർഥം: ആളുകൂടിയാൽ ഒന്നും നടക്കില്ല.**

10. ചൊട്ടയിലെ ശീലം ചുടലവരെ.

**അർഥം: കുട്ടിക്കാലത്തെ ശീലം മരിക്കുവോളം നിലനിൽക്കും.**

# കേരളവർമ്മ വലിയകോയിതമ്പുരാൻ

ആധുനിക മലയാള ഗദ്യത്തിൻെ ജനയിതാവായ കേരളവർമ്മ സംസ്കൃതത്തിലും മലയാളത്തിലും വളരെയധികം കൃതികൾ രചിച്ചിട്ടുണ്ട് 'കേരളകാളിദാസൻ' എന്ന അപരനാമത്തിലറിയപെടുന്ന കേരളവർമ്മ-യ്ക്ക് 'മയൂരസന്ദേശം' എന്ന കൃതിയാണ് ആ വിശേഷണത്തിനുടമയാക്കിയത്. കേരളവർമ്മ മലയാള സാഹിത്യത്തിൽ അവതരിപ്പിച്ച വിവാദവിഷയങ്ങളായ രുപഭദ്രതാ ഭാവത്തേയും ദ്വിതിയാക്ഷരപ്രാത്തേയും എതിർത്തു പരാജയപ്പെടുത്തിയ ഏ.ആർ.രാജരാജവർമ്മയുടെ നേരിട്ടുള്ള അഭ്യർത്ഥനയെ മാനിച്ച് രചിച്ച പ്രാസവിമുക്തമായ കാവ്യമാണ് 'ദൈവയോഗം'. ആയുധാഭ്യാസവും നായാട്ടും അദ്ദേഹത്തിന്റെ പ്രാസവിനോദങ്ങളായിരുന്നു. 'വിശാഖവിജയം' മഹാകാവ്യമാണ്. ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ പൂരം തിരുനാൾ ദേവി അംബ തമ്പുരാട്ടിയുടെയും ചെറിയൂർ മുല്ലപ്പള്ളി നാരയണൻ നമ്പൂതിരിയുടെയും

പുത്രനായി 19 ഫെബ്രുവരി 1845(കൊല്ലവർഷം 1020 കുംഭം 10 -ന് ജനിച്ചു ) -ൽ പൂയം നക്ഷത്രത്തിൽ ജാതനായിതിരുവിതാംകൂറിന്റെ മാതൃസ്ഥാനമായി കരുതിയിരുന്ന ആറ്റിങ്ങൽ മഹാറാണി ഭരണി തിരുന്നാൾ ലക്ഷ്മി ബായിയെ 1859-ൽ വിവാഹം ചെയ്യുകയും വലിയ കോയിത്തമ്പുരാനാവുകയും ചെയ്തു. വളരെക്കാലം തിരുവിതാംകൂറിലെ പാഠപുസ്തകസമിതിയുടെ അദ്ധ്യക്ഷനമായിരുന്ന അദ്ദേഹം.1880-ൽ ആയില്യം തിരുനാൾ നാടു നീങ്ങുകയും അനുജൻ വിശാഖം തിരുനാൾ രാജാവാകുകയും ചെയ്തു. 1881-ൽ ഓർഡർ ഓഫ് ദ ക്രൗൺ ഓഫ് ഇന്ത്യയും 1885-ൽ ഓർഡർ ഓഫ് ദ സ്റ്റാർ ഓഫ് ഇന്ത്യയും കേരള വർമ്മയ്ക്ക് നൽകി ബഹുമാനിച്ചു.

# ലോകത്തെ മാറ്റിമറിച്ച കണ്ടുപിടിത്തങ്ങൾ

| | | |
|---|---|---|
| 1 സൈക്കിൾ | - | കിർക്പാട്രിക് മാക്മില്ല്യൻ |
| 2 കമ്പ്യൂട്ടർ | - | ചാൾസ് ബാബേജ് |
| 3 ക്യാമറ | - | ജോസെഫ് നൈസ്ഫോർനീപ്സ് |
| 4 ചോക്ലേറ്റ് ബാർ | - | ഫ്രാങ്കോ ലൂയി കൈയ്ലർ |
| 5 ഇലക്ട്റിക് ബൾബ് | - | തോമസ് ആൽവാ എഡിസൺ |
| 6 ഐസ് ക്രീം | - | ജേക്കബ് ഫസൽ |
| 7 തീവണ്ടി | - | ജോർജ്ജ് സ്റ്റീഫൻസൺ |
| 8 തീപ്പെട്ടി | - | ജോൺ പാക്കർ |
| 9 പ്ലാസ്റ്റിക് | - | അല്കസാണ്ടർ പാർകസ് |
| 10 ടെലിഫോൺ | - | അല്കസാണ്ടർ ഗ്രഹാം ബെൽ |
| 11 ടെലിസ്കോപ്പ് | - | ഹാൻസ് ലിപ്പർഷെ |
| 12 ഇലക്ട്റിക് ടൈപ്പ്റൈറ്റർ | - | തോമസ് ആൽവാ എഡിസൺ |

പറവക്കൂട്ടം

| | | |
|---|---|---|
| 13 റേഡിയോ | - | ഗുഗ്ലിയെൽമോ മാർക്കോണി |
| 14 വോകി ടോകി | - | അൽ ഗ്രേസ് |
| 15 സ്റ്റെതസ്സ്കോപ്പ് | - | റെനെ ടി.എച്ച്.ലെനക് |
| 16 ബൈനോക്കുലർ | - | ഹാൻസ് ലിപ്പർഷെ |
| 17 ഗ്രാമഫോൺ | - | എമിലി ബെർലിനർ |
| 18 കാൽക്കുലേറ്റർ | - | ബ്ലെയിസ് പാസ്കൽ |
| 19 കൃത്രിമഹൃദയം | - | വില്യം .ജെ.കോൾഫ് |
| 20 വിമാനം | - | ഓർവിൽ റൈറ്റ്, വിൽബർ റൈറ്റ് |

# പഴഞ്ചൊല്ലുകൾ

1.വിത്തുഗുണം പത്തുഗുണം.

2.വിതച്ചതേ കൊയ്യൂ.

3.വൈദ്യൻ കല്പിച്ചതും പാല് രോഗി ഇച്ഛിച്ചതും പാല്.

4.നിറകുടം തുളുമ്പില്ല.

5.ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

6.പുത്തനച്ചി പുരപ്പുറം തൂക്കും.

7.സമ്പത്തു കാലത്തു തൈപത്തു വച്ചാൽ അപത്തു കാലത്തു കാപത്തു തിന്നാം.

8.അടികൊള്ളാൻ ചെണ്ട പണം വാങ്ങാൻ മാരാർ.

9.ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടില്ല.

10.പുര കത്തുമ്പോൾ വാഴവെട്ടരുത്.

# കടംകഥകൾ

1.നാലു പേരും കൂടി ഒന്നായി.

ഉ:വെറ്റില മുറുക്ക്

2.തൂക്കാത്ത മുറ്റവും വറ്റാത്ത കിണറും.

ഉ:കടൽതീരം

3.തടി തടത്തിൽ,തല കല്യാണപന്തലിൽ.

ഉ:വാഴ

4.കരയില്ലാ കടലിലെ കൊച്ചുതോണി,

തുഴയില്ലാതോടുന്ന കൊച്ചുതോണി.

ഉ:ചന്ദ്രൻ

5.ഒരാൾ കണ്ണുതുറന്ന് ഉറങ്ങുന്നു.

പറവക്കൂട്ടം

ഉ:മീൻ

6.ഓടിയോടി നടക്കും തീപന്തം.

ഉ:മിന്നാമിനുങ്ങ്

7.ഒരു പറ അരിയും പപ്പടവും.

ഉ:നക്ഷത്രങ്ങളും ചന്ദ്രനും

8.കട കത്തിച്ചു,തല കുതിച്ചു.

ഉ:നെല്ല്

9.തൊട്ടു മുടിഞ്ഞവൻ.

ഉ:ഭസ്മാസുരൻ

10.തൊടാതെ മുടിഞ്ഞവൻ.

ഉ:രാവണൻ

# സന്തോഷത്തിന്റെ രഹസ്യം

ഒരിക്കൽ രംഗദേബ് എന്ന യുവാവ് പറഞ്ഞു:“ജീവിതത്തിൽ ഒട്ടും സന്തോഷമില്ല. കുറേ പണംകിട്ടിയാൽ ഞാൻ സന്തോഷിക്കുമായിരുന്നു.... ദിവ്യൻ ശ്രദ്ധയോടെ കേട്ടു. എന്നിട്ടു പറഞ്ഞു:എങ്കിൽ ഇന്ന് രാത്രി നീ ഗംഗാ നദിത്തരയിലെ മരച്ചുവട്ടിൽചെന്നിരിക്കുക.. ആഗ്രഹം നടക്കും... രംഗദേബ് രാത്രി ഗംഗാ നദിക്കരയിലെത്തി. പക്ഷേ , മരച്ചു-വട്ടിൽ കൂരിരുട്ടിൽ ഏറെ നേരം കാത്തിരുന്നിട്ടും ഒന്നും സംഭവിച്ചില്ല. നിരാശയു സങ്കടവും സഹിക്കാതെ രംഗദേബ് ചുറ്റിലുമുള്ള കല്ലുകൾ പെറുക്കി നദിയിലേക്ക് വലിച്ചെറിയാൻ തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ അതാ വരുന്നു ദിവ്യൻ. ദിവ്യൻ പറഞ്ഞു: “ഇവിടെ പണ്ടൊരു

രത്നഖനിയുണ്ടായിരുന്നു. നീ പെറുക്കി നദിയിലേക്കിട്ടത് അതിലെ  ഉപേക്ഷിക്കപ്പെട്ട രത്നക്കല്ലുകൾ ആയിരുന്നു. നിരാശയും അത്യാർത്തിയും കാരണം അതിന്റെ തിളക്കം നിന്റെ കണ്ണിൽപ്പെട്ടില്ല. ചുറ്റുമുള്ള കൊച്ചുകാര്യങ്ങളിൽ സന്തോഷം കണ്ടെത്താത്തവന് എത്ര പണം കിട്ടിയാലും സന്തോഷമുണ്ടാകില്ല."

## പുകയിലയെ പ്രതിരോധിക്കാം

ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം,സംസ്കാരം,പഠനം,മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം.

ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർഥമാണ് പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടുരീതിയിലാണ്.

.പുകവലി

.പുകരഹിത പുകയില ഉപയോഗം

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു.

നിക്കോട്ടിൻ,ടാർ,ബെൻസോപൈറീൻ,കാർബൺമോണോക്സൈഡ്,ഫോർമോൽഡിഹൈഡ്,ബെൻസീൻ,ഹൈഡ്രജൻ, സയനൈഡ്, ക്ഡ്മിയം,അമോണിയ,പ്രോപ്പലീൻ ഗൈക്കോൾ എന്നിവ അവയിൽ ചിലതാണ്.

പറവക്കൂട്ടം

# പുകയിലയുടെ ദോഷഫലങ്ങൾ

1. ഹൃദ്രോഗം

2. രക്തചംക്രമണം,രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങൾ

3. നാവ്,വായ,തൊണ്ട,സ്വനപേടകം,ശ്വസകോശം,-അന്നനാളം,ആമാശയം,പാൻക്രിയാസ്,കരൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ.

4. വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ്,പല്ലുകളിലെനിറംമാറ്റം പോടുകൾ,വായുനാറ്റം,അണുബാധ തുടങ്ങിയവ

5. വിട്ടുമാറാത്ത ചുമ

# വീണ്ടടഞ്ഞ കിനാക്കൾ

കുന്നിൻചെരുവിലെകൊന്നമരത്തിന്മേൽ
പഞ്ഞിയും നാരും കരിയിലയും കൊണ്ടു
കിങ്ങിണിക്കാക്കച്ചി കൂടുവച്ചു
ചനമെഴുന്നൊരു കൊച്ചുകൂട്..

കൂട്ടിലവളിട്ടുകൾ നാലെണ്ണം
കൂട്ടിനായെത്തിയ മാരനൊപ്പം
കാക്കയ്ക്കു തൻമുട്ട പൊന്മുട്ടയെന്നോതി
കാക്കിച്ചി നിത്യമടയിരുന്നു.

കാറ്റും മഴയും മിന്നലുമെത്തീ
കാട്ടുമരങ്ങൾ കുലുക്കിവീഴ്ത്തി
ഊറ്റത്തിലുള്ളൊരു കാറ്റിൻഗതിയിലാ
ക്കൊച്ചുമരം തലകുത്തിവീണു.
വീശിയടച്ച മഹപ്രവാഹത്തിങ്കൽ
കാക്കതൻ കൂടും മുട്ടകളും
*നോറ്റകിനാക്കളും വീണ്ടടഞ്ഞു.*

പറവക്കൂട്ടം

# കുട്ടികളുടെ അവകാശങ്ങൾ

* സംസാരത്തിനും ആശയപ്രകനത്തിനുമുള്ള സ്വാതന്ത്ര്യം.
* ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം.
* അതിജീവനത്തിനും പൂർണവികാസത്തിനുമായുള്ള അവകാശം.
* പങ്കാശളിത്തത്തിനുള്ള അവകാശം.
* ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം.
* ശൈശവവിവഹത്തിൽനിന്നുള്ള സംരക്ഷണം.
* അവഗണനകളിൽ നിന്നുള്ള സംരക്ഷണം.
* കളിക്കാനും പഠിക്കാനുമുള്ള അവകാശം.
* സൗജന്യവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകുന്ന *അവകാശം.*

പറവക്കൂട്ടം

# ഉപ്പൂപ്പാൻെറ പേര്

കൃഷിക്കാരനായ അഹമ്മദിനും ഭാര്യയ്ക്കും ഒരു മകൻ പിറന്നു. കുഞ്ഞിന് പേരിടേണ്ട ദിവസം ബന്ധുക്കളൊ ക്കെ ഒത്തുകൂടി. "ഇവന് മരിച്ചുപോയ എൻെറ ഉപ്പൂപ്പാൻെറ പേരിടാം," അഹമ്മദ് ഭാര്യയോടു പറഞ്ഞു. "വേണ്ട...വേണ്ട. ഇവന് എൻെറ ഉപ്പൂപ്പാൻെറ പേരിട്ടാ- ൽ മതി, ഭാര്യ പറഞ്ഞു. അതു കേട്ടതും അഹമ്മദിന് ദേഷ്യം വന്നു. "ഹും! ഇത്രയും ആളുകളുടെ മുന്നിൽ വച്ച് നീയെന്നെ ധിക്കരിക്കുന്നോ! "ഭാര്യയും ഒട്ടും വിട്ടുകൊടുത്തില്ല. "ഞാൻ പറയുന്നതിൽ എന്താണ് തെറ്റ്? എൻെറ ഉപ്പൂപ്പാ വളരെ നല്ല ആളായിരുന്നു." ഒത്തുകൂടിയ ബന്ധുക്കൾ രണ്ടു പക്ഷമായി തിരിഞ്ഞു.വാക്കുതർക്കം മൂത്ത് വലിയ കലഹമായി."ഇത്രയധികം വഴക്കിനുകാര ണമായ നിൻെറ ഉപ്പൂപ്പാ ആളൊരു കള്ളനായിരിക്കും അഹമ്മദ് വിളിച്ചുപറഞ്ഞു. "നിങ്ങളുടെ ഉപ്പൂപ്പാ കൊള്ളക്കാരനായിരിക്കും. ആ അഹങ്കാരമാണ് നിങ്ങളും കാണിക്കുന്നത്," ഭാര്യ മറുപടി പറഞ്ഞു. ഇതു കേട്ടു ദേഷ്യം വന്ന അഹമ്മദ് ഭാര്യയെ ഒരൊറ്റയടി! ഭാര്യയാകട്ടെ കൈയിൽ കിട്ടിയ പാത്രങ്ങളൊക്കെ എറിഞ്ഞുടച്ചു. പേരിടൽച്ചടങ്ങിനായി തയ്യാറാക്കിയിരുന്ന ഭക്ഷണം മുറ്റത്തു ചിതറി.വലിയ ബഹളമായതോടെ ഗ്രാമത്തിലെ ന്യായാതിപൻ അവിടേക്കു വന്നു. പ്രശ്നം കേട്ടതിനു ശേഷം അദ്ദേഹം അഹമ്മദിനോടു ചോദിച്ചു:"ശരി.... നിങ്ങളുടെ, മരിച്ചുപോയ ഉപ്പൂപ്പാൻെറ പേരെ- ന്തായിരിന്നു?""ഹുസൈൻ." "ശരി.... നിങ്ങളുടെ ഉപ്പൂപ്പാൻെറ പേരെന്താ- യിരിന്നു?"

പറവക്കൂട്ടം

**അഹമ്മദിൻെറ ഭാര്യയോട് ന്യായാധിപൻ ചോദിച്ചു. ഭാര്യ പറഞ്ഞു:** ***"എൻെറ ഉപ്പൂപ്പാൻെറ പേരും "ഹുസൈൻ" എന്നായിരുന്നു!"***

# അമ്മ

അപ്പം കടലയിൽ മുക്കി തിന്നപ്പോൾ
അപ്പുക്കുട്ടൻ നിന്നു ചിണുങ്ങി
അമ്മേ ഒന്നുടൊന്നുടെ
അപ്പുക്കുട്ടനിതൊന്നുടെ
മക്കൾ മൂന്നാണമ്മയ്ക്ക്
പറ്റെ നീ തിന്നെന്നാൽ
മറ്റവർ പട്ടിണിയാവൂലേ
അമ്മേ കള്ളം പറയല്ലേ
കുട്ട നിരയെ പാപ്പാല്ലേ
വിടുകൾ തോറും കേറിയിറങ്ങി
പാപ്പം വിറ്റാലോ
അന്തിക്കിത്തിരി അരിവാങ്ങി
ഇങ്ങെത്തീടാൻ പറ്റൂല്ല
അച്ഛൻ ചന്തയിൽപോയതുമിച്ചം
കള്ളാണുള്ളിൽ നിറയെ
ആടിപ്പാടി വരുന്നതിൻ മുമ്പേ
സ്കൂളിൽ പോകു കുഞ്ഞേ...

പറവക്കൂട്ടം

# കഥകളി

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്.ശാസ്ത്രകളി, ചാക്യാർക്കൂത്ത്, കൂടിയട്ടം, കൃഷ്ണനാട്ടം ,നാട്യം, നൃത്തം, നൃത്യം എന്നിവയെആംഗികം, എന്നീ അഭിനയോപാധികളിലൂടെ സമന്വയിപ്പിച്ച് അവതരിപ്പിക്കുകയാണ് ഒരു വാചകത്തിൽ പറഞ്ഞാൽ കഥകളിയുടെ മർമ്മം. കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടകഥയിലെ സംഭാഷണഭാഗങ്ങളായ പദങ്ങൾ, പാട്ടുകാർ പിന്നിൽ നിന്നും പാടുകയും നടന്മാർ കാവ്യത്തിലെ പ്രതിപാദ്യം അരങ്ങത്ത് അഭിനയത്തിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു. അഭിനയത്തിനിടയ്ക്ക് നടന്മാർ ഭാവാവിഷ്കരണപരവും താളാത്മകവുമായ രംഗചലനങ്ങളും അംഗചലനങ്ങളും പ്രദർശിപ്പിക്കുന്നു. പദങ്ങളുടെ ഓരോ ഭാഗവും അഭിനയിച്ചുകഴിയുമ്പോൾ ശുദ്ധനൃത്തചലനങ്ങൾ അടങ്ങുന്ന കലാശങ്ങൾ ചവിട്ടുന്നു. ഇങ്ങനെ അഭിനയത്തിലും അതടങ്ങുന്ന രംഗങ്ങളുടെ പരമ്പരയിലും കൂടി ഇതിവൃത്തം അരങ്ങത്ത് അവതരിപ്പിച്ച് രസാനുഭൂതി ഉളവാക്കുന്ന കലയാണ് കഥകളി . നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി. ഇതു കൂടാതെ സാഹിത്യം ഒരു പ്രധാനവിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായി കരുതപ്പെടുന്നു. കളിതുടങ്ങുന്നതിനു മുൻപ് മദ്ദളകേളി

(അരങ്ങുകേളി/ശുദ്ധമദ്ദളം), വന്ദനശ്ലോകം, തോടയം, മേളപ്പദം (മഞ്ജുതര) തുടങ്ങിയ പ്രാരംഭച്ചടങ്ങുകൾ ഉണ്ട്. പശ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങൾ ഹസ്തമുദ്രകളിലൂടെയും, മുഖഭാവങ്ങളിലൂടെയും അരങ്ങത്തു നടൻമാർ അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു. പച്ച സൽക്കഥാപാത്രങ്ങളും (സാത്വികം), കത്തി രാജസ കഥാപാത്രങ്ങളും (രാജാക്കന്മാരായ ദുഷ്ടകഥാപാത്രങ്ങളും) ആണ്. കരിവേഷം രാക്ഷസിമാർക്കാണ്. ചുവന്ന താടി താമസ(വളരെ ക്രൂരന്മാരായ) സ്വഭാവമുള്ള രാക്ഷസർ മുതലായവരും, കറുത്ത താടി കാട്ടാളർ മുതലായവരുമാണ്. കലിയുടെ വേഷം കറുത്ത താടിയാണ്. ഹനുമാന് വെള്ളത്താടിയാണ് വേഷം. സ്ത്രീകളുടേയും മുനിമാരുടേയും വേഷം മിനുക്കാണ്. ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടിക്കുത്ത് എന്നു പറയുന്നു.

, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം,തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ – നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

## ഫലിതങ്ങൾ

1. അധ്യാപകൻ: ചെവി കേൾക്കാത്തയാളെ നമ്മൾ എന്ത് വിളിക്കും?

ടിന്റുമോൻ: എന്തും വിളിക്കാം എന്തു വിളിച്ചാലും അങ്ങേര് കേൾക്കില്ലല്ലോ
.

2. ടിച്ചർ: എന്താ ലേറ്റായത്?

ടിന്റുമോൻ: സ്കൂളിനു മുന്നിലെ ട്രാഫിക്ക് ബോർഡ് തുകൊണ്ടാ...

ടിച്ചർ: എന്തു ബോർഡ്....?

ടിന്റുമോൻ: 'School Ahead , Go slow'

3. അധ്യാപകൻ: ചൂടാകുമ്പോൾ ഉറച്ചു കട്ടയാവുന്ന രണ്ട് ദ്രാവകങ്ങളുടെ

പേര് പറയൂ...?

ടിന്റുമോൻ: ദോശമാവും ഇഡ്ഡിലിമാവും.

4. വികാരിയച്ചൻ: ദൈവം തമ്പുരാൻ മോളീന്ന് വിളിച്ചാൽ എല്ലാവരും പോണം.

ടിന്റുമോൻ: ദൈവം 'മോളീീീ'..... ന്ന് വിളിച്ചാ മോളീ മാത്രം പോയാ പോരെ അച്ചോ....

5. വേദപാഠക്ലാസിലെ സിസ്റ്റർ:

'തോമസ് പഴങ്ങൾ പറിക്കാൻ പറ്റിയസമയമെപ്പോഴാണ്?'

തോമസ്:" വികാരിയച്ചൻ ഉറങ്ങുമ്പോൾ"

6. അമ്മ : ഈശ്വരാ തല്ലും കുടി പല്ലും കളഞ്ഞോ?

കുട്ടി : ഇല്ലാമ്മേ ,പല്ലെന്റെ പോക്കറ്റിലുണ്ട്.

# തുടിതാളം തേടി

നമ്മുടെ മാതാവു  കൈരളി  പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാത്ത കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടർച്ചെങ്കാൽ ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ചു കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ണുത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം..

പറവക്കൂട്ടം

## മഹത് വചനങ്ങൾ

1. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക. – മഹാത്മാഗാന്ധി

2. സത്യം ദൈവമാണ് – മഹാത്മാഗാന്ധി

3. ഉറങ്ങുമ്പോൾ കാണുന്നതന്നതല്ല സ്വപ്നം ഉറങ്ങാൻ
അനുവദിക്കാത്തതാണ് സ്വപ്നം.
– എ.പി.ജെ അബ്ദുൾകലാം

4.മനസിന്റെയും ആത്മാവിന്റെയും വിശാലതയാണ് സംസ്കാരം –
ജവഹർലാൽനേഹ്റു

5. നൻമയുള്ള മനസ്സിന് മാത്രമേ കരയുവാൻ സാധിക്കൂ.
– ജീം ജെഫ്രിസ്.

6. ഏറ്റവും വലിയ ഇരുമ്പ്മറ സ്വന്തം മനസ്സിന് ചുറ്റും നാം പണിയുന്നതാ – ജവഹർലാൽ നേഹ്റു

7. നമ്മുടെ ജീവിതമെന്നത് നമ്മുടെ മനസ്സിന്റ സ്രിഷ്ടിയാണ്.
– ശ്രീബുദ്ധൻ .

8.ഉദ്ധേശവും ലക്ഷ്യവുമില്ലാത്ത പൂർണ്ണമാണ് പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്.
– ജോൺ.എഫ്.കെന്നഡി

9.പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്
– ഹെൻറി ഫോർഡ്

10. എന്റെ ജീവിതമാണ് എന്റെ സന്ദേശം
– മഹാത്മാഗാന്ധി

പറവക്കൂട്ടം

# സ്വർണ്ണമീൻ

പണ്ട് കുളത്തിൽ ഒരു സ്വർണ്ണമീൻ ഉണ്ടായിരുന്നു.അതൊരു മനോഹരമായ മീനായിരുന്നു.പക്ഷെ ആ സ്വർണ്ണമീനിന് അഹങ്കാരമുണ്ടായിരുന്നു. ആ മീൻ കൂട്ടുകാരോട് പറയുമായിരുന്നു ' നിങ്ങളെ കാണാൻ എന്തിന് കൊള്ളാം,എന്നെനോക്ക് ഞാൻ ഭംഗിയുള്ളവയാണ്. ഇങ്ങനെ തുടർന്ന് കൊണ്ടിരുന്നു . ഒരു ദിവസം ഒരു കാക്ക ആ കുളത്തിൻെറ അടുത്ത് വന്നിരുന്നു.ആ കാക്ക കുളത്തിലുള്ള സ്വർണ്ണമീനിനെ കണ്ടു.കാക്കക്ക് അതിനെ കണ്ടിട്ട് പിടിക്കാൻ തോന്നി.കുളത്തിലേക്ക് പറന്നുചെന്നിട്ട് ആ സ്വർണ്ണമീനിനെ പിടിച്ചു.ഭാഗ്യംക്കൊണ്ട് സ്വർണ്ണമീൻ കാക്കയിൽനിന്ന് രക്ഷപെട്ടു.പക്ഷെ കാക്ക സ്വർണ്ണമീനിൻെറ ഒരുചിറകിൽ പിടിച്ചുകൊണ്ട് ആ മിനിൻെറ ഒരു ചിറക് പോയി.അത് അവൾക്ക് നന്നായി വേദനിച്ചു.തൻെറ അഹങ്കാരംകൊണ്ടാണ് കാക്ക തന്നെ പിടിക്കാൻ വന്നതെന്ന് സ്വർണ്ണമീനിന് മനസ്സിലായി.

പറവക്കൂട്ടം

# അക്കരെപ്പച്ച തേടി അലയേണ്ടതുണ്ടോ?

ആ കല്ലുവെട്ടുകാരൻ തന്റെ ജീവിതത്തിൽ അസംതൃപ്തനായിരുന്നു. ധനികനായ വ്യാപാരിയെ കണ്ടപ്പോൾ അയാളെപ്പോലെയാകണമെന്ന പ്രാർഥിച്ചു .ദൈവം അതു കേട്ടു .അയാൾ വ്യാപാരിയായി. അപ്പോഴാണ് നാട്ടിലെ ഉന്നത ഉദ്യോഗസ്ഥനെ കണ്ടത്.അന്നുമുതൽ ഉദ്യോഗസ്ഥ-നകണമെന്നായി അഗ്രഹം. അതും സാധിച്ചു ഒരു ദിവസം നട്ടുച്ചയ്ക്ക് വിയർത്തപ്പോഴാണ് സൂര്യന്റെ ശക്തി മനസിലായത്; അങ്ങനെ അയാൾ സൂര്യനായി.കാർമേഘങ്ങൾ സൂര്യനെ മറച്ചപ്പേൾ മുതൽ മേഘമാകാനുള്ള ശ്രമമായി.മേഘമയികഴിഞ്ഞപ്പോഴാണ് കാറ്റ് മേഘ ത്തെ നിഷ്പ്രഭമാക്കുമെന്ന് മനസിലയത്.അങ്ങനെ മേഘം കാറ്റായി എത്ര ശക്തമായി വീശീയിട്ടും ഇളക്കം തട്ടാതെ നിൽക്കുന്ന പാറക്കെട്ട് കാറ്റിന്റെ ഉറക്കം കെടുത്തി.കാറ്റു പിന്നെ വലിയൊരു പാറയായി.കാറ്റില്ലു കാറ്റിലും മഴയിലും ഒരനക്കവും തട്ടാതെ നിൽക്കുമ്പോഴാണ് ആരോ വന്ന് അടിക്കുന്നതു പോലെ പാറയ്ക്ക് തോന്നിയത്! അതൊരു കല്ലുവെട്ടുകാരൻ ആയിരുന്നു! ഉള്ളതിന്റെ ബലമറിയത്തവരാണ് ഇല്ലത്തതിന്റെ മഹിമ തേടുന്നത്. എല്ലാവർക്കും ഓരോനിയോഗമുണ്ടാകും. അത്പൂർത്തിയാക്കാനുള്ള ശേഷിയും അവരിലുണ്ടാകും. മറ്റുള്ളവരുടെ ദൗത്യങ്ങൾ ചെയ്തുതീർ ക്കാനുള്ള പാടവമോ ഇച്ഛാശക്തിയോ ആർക്കുമുണ്ടാകില്ല.തനതുശേഷിക ളെ പരിപോഷിപ്പിക്കുന്നതിനു പകരം, അപരമികവുകളെ സ്വന്തമാക്കാൻ ശ്രമിക്കുന്നവരെല്ലാം ആരുമാകാതെ അവസാനിക്കും. എന്താണോ, അതിന്റെതന്നെ തുടർച്ചയും പൂർത്തികരണവും ആകാൻ കഴിയുന്നവർക്കാണ് ആത്മസംതൃപ്തിയും അഭിമാനവും ഉണ്ടാവുക. സ്ഥിരതയോ ക്ഷമയോ ഇല്ലാതെ പറന്നുനടക്കുന്നവർക്ക് ഒരു മരക്കൊമ്പിലും കൂടുകൂട്ടാനാണ് കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളിൽ പലതും കൃത്രിമമായിരിക്കും.അലഞ്ഞുതിരിഞ്ഞ് അർഥമില്ലാതെ ചെലവഴിക്കുന്ന സമയം മാത്രം മതി,അവനവന്റെ പാതകങ്ങളെയും പാദങ്ങളെയും തിരിച്ചറിയാൻ.

പറവക്കൂട്ടം

## പ്രകൃതി സംരക്ഷണം

ഉൽപാദിപ്പിക്കുന്ന മാലിന്യമത്രയും സംസ്കരിച്ച് വൃത്തിയാക്കാം എന്ന സമീപ നമല്ല സ്വീകരിക്കേണ്ടത്. ഉല്പാദപാദനം പരമാവധി കുറയ്ക്കണം സാധ്യമായവ മുഴു വൻ പുനരുപയോഗിക്കണം,ബാക്കിയുള്ള വ വീണ്ടും രൂപാന്തരപ്പെടുത്തി ഉപയോഗിക്കണം. മാലിന്യത്തിന്റെ അനാവശ്യ ഉപഭോഗം കുറയ്ക്കുക തന്നെവേണം.ആവ ശ്യവും ആർത്തിയും വേറിട്ടറിയുന്ന ഒരു പുനർചിന്തയും തിരിച്ചറിവും ഈ കുറയ്ക്ക ലിന്റെ ഭാഗമാണ്.പ്ലാസ്റ്റിക് കാരിബാഗു കൾക്കു പകരം പ്രകൃതിക്ക് ഇണങ്ങുന്ന തുണി, പേപ്പർ സഞ്ചികൾ ഉപയോഗിക്കു ന്നതും റെഡ്യൂസ് എന്ന തത്ത്വത്തിന്റെ ഭാഗമാണ്.നിയമം മൂലം 40 മൈക്രോണി ൽ താഴെയുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ നിരോധിതമാണ്അത്പ്രകൃതിക്ക് വളരെ ദോഷകരമാണ്. കേടുപാടുകൾ തീർത്ത് പോരായ്മകൾ പരിഹരിച്ച്ഒരു ഉല്പന്നത്തി ന്റെ ഉപയോഗ കാലം നീട്ടാം.നമ്മുടെ ജീ വിതത്തിന്റെ അനിവാര്യഘടകങ്ങളായി മാറിയ ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ഈ തത്ത്വം വളരെയേറെ പ്രസക്തമാണ്. കമ്പ്യൂട്ടർ അടക്കം പല ഇലക്ട്രോണിക് വസ്തുക്കളുടെയും നിർമ്മാണത്തിന് ലെഡ് അടക്കം അപകടകാരിയായ ഘനലോ ഹങ്ങൾ ഗണ്യമായി ഉപയോഗിക്കുന്നു.

പറവക്കൂട്ടം

# കേരള ഗാനം

ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിത ജനനി
മലയജസുരഭില മാരുതനേൽക്കും
മലയാളം ഹാ മാമകരാജ്യം

കല്പകതരുനികരങ്ങൾ നിരക്കും
കല്പിതഭവാണെന്നുടെ രാജ്യം
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം

തുഞ്ചശ്ശുകീകളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം

പറവക്കൂട്ടം

# നാടൻപാട്ട്

പുഞ്ചപ്പാടത്തെ പൂങ്കുയിലെ
പുന്നാരപ്പാട്ടോന്ന് പാടാമോ
അക്കണ്ടം നട്ടു ഞാൻ
മേലെക്കണ്ടത്തിൽ ഞാറുനട്ടു

ഞാറ്റുകുത്തിക്കേറി  വരിമ്പോൾ
എന്നാലും തമ്പ്രാന്  തീണ്ടലാണ്
നെല്ലായനെല്ലെല്ലാം കൊയ്തുമെതിച്ച്
അറയിലിടുമ്പോഴും തീണ്ടലില്ല

മാസം പലതും കഴിഞ്ഞാലും പിന്നെയും
തമ്പ്രാന്റെ മുഖത്തു കോപം തന്നെ
കൊയ്ത്തുകാലം കഴിഞ്ഞാൽ പടിപ്പുര
കേറിയാൽ തമ്പ്രാന്  തീണ്ടലാണ്

പറവക്കൂട്ടം

# കുടയും ചെരിപ്പും

ഒരിക്കൽ ജമദഗ്നി എന്ന മഹർഷി കാട്ടിൽ തപസ് ചെയ്യുകയായിരുന്നു. വേനൽക്കാലമായിരുന്നു അത്. ചൂട് കാരണം തപസ്സ് ചെയ്യാൻ കഴിയാതെ മഹർഷി ദേഷ്യത്തോടെ എഴുന്നേറ്റു. "ഹും! എല്ലാവരെയും കഷ്ടപ്പെടുത്തുന്ന സൂര്യനെ ഒരുപാഠം പഠിപ്പിക്കണം!" ജമദഗ്നി മഹർഷി വില്ലെടുത്ത് സൂര്യനു നേരെ അമ്പ് എയ്തു വിടാൻ തുടങ്ങി. എന്നാൽ അമ്പ് കൊള്ളാതെ സൂര്യൻ ഒഴിഞ്ഞു മാറി.താമസിക്കാതെ  അവനാഴിയിലെ അമ്പ് എല്ലാം തീർന്നു.ഉടനെ മഹർഷിയുടെ ഭാര്യ അമ്പ് എടുക്കുവാൻ ആശ്രമത്തിലേക്ക് പോയി. സൂര്യൻ ഇത് കാണുന്നുണ്ടായിരുന്നു. സൂര്യൻ ഉടനെ ചൂട് കൂട്ടി. ചൂടേറ്റ് മഹർഷിയുടെ ഭാര്യ തളർന്ന് വീണു. അതോടെ ജമദഗ്നി മഹർഷിയുടെ കോപം ഇരട്ടിയായി. മഹർഷിയുടെ കോപം കണ്ട് സൂര്യൻ പേടിച്ച് പോയി.  സൂര്യൻ ഒരു ബാലന്റെ വേഷത്തിൽ മഹർഷിയുടെ അടുതെത്തി.എന്നിട്ട്  ചോദിച്ചു "മഹർഷേ എങ്ങനെ സൂര്യനെ അമ്പ് എയ്തു വീഴ്ത്തും."? അതു കേട്ട് മഹർഷി പറഞ്ഞു : "നട്ടുച്ചനേരത്ത് സൂര്യനു തലയ്ക്ക് മുകളിൽ വരും അപ്പോൾ ഞാൻ സൂര്യനെ എയ്യ്തു വീഴ്ത്തും"!ബാലൻ പറഞ്ഞു; 'അയ്യോ വേണ്ട ! വെയിലിന്റെ ചൂടിൽ നിന്നും രക്ഷകിട്ട- നല്ല ഒരു സൂത്രം ഞാൻ തരാം !'ഒരു കുടയും ചെരിപ്പുംആയിരുന്നു  ആ ബാലൻ മഹർഷിക്ക് നൽകിയ സമ്മാനം. അതു വാങ്ങിയ മഹർഷി അമ്പും വില്ലും താഴെ വച്ചു. ഭൂമിയിൽ കുടയും ചെരിപ്പും ഉണ്ടായത് അങ്ങനെയാണത്രെ !.

# ഊണിൻെറ മേളം

കുറിയരിവച്ച വെളുത്തൊരു ചോറും
കറികളുമാശു വിളമ്പി നിരന്ന
നറുനെയ് ,ശർക്കര , നേന്ത്രപ്പഴവും
ചെറുപപ്പടമൊരു ,പത്തിരുന്നൂറും
ആനച്ചുവടൻ പപ്പടമൊരുവക
തേനും നല്ലൊരു പഞ്ചാരപ്പൊടി,
ചേനക്കറി ,ചില പച്ചടി ,കിച്ചടി
പാനകമൊരുവക നാരങ്ങാക്കറി
മാങ്ങാപ്പച്ചടി ,ഇഞ്ചിപ്പച്ചടി
ചേനവറുത്തും , പയറുവറുത്തും,
ചക്കപ്രഥമനടപ്രഥമൻ വിധ-
മൊക്കെപ്പറവൻ നേരം പോരാ.,
പാലും ,തൈരും , മോരും , പലവക
കോലാഹലതരമെന്തുരചെയ്യാം
കൊണ്ടാ പപ്പടമെന്നൊരു ദിക്കിൽ
കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ
ചക്കപ്രഥമൻ കൊണ്ടാ വളരെ

*ശർക്കരയുണ്ടകളമ്പതുകൊണ്ടാ*
*പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ*
*പഞ്ചാരപ്പൊടി ഒരാറുപറ കൊണ്ടാ*
*മധുരക്കറിയോ ,മഥിതക്കറയോ*
*മതിമതിപോരാ കോരിക്കൊണ്ടാ*

## ചില വിഷജന്തുക്കൾ

### ഏറ്റവും വിഷമുള്ള പല്ലി

അമേരിക്കയിൽ കാണുന്ന ഗിലമോൺസ്റ്റർ എന്ന വമ്പൻ പല്ലി-ക്കാണ് വിഷത്തിന്റെ കാര്യത്തിൽ ഗിന്നസ് റെക്കോഡ്. അമേരിക്കയിലെ ഗില എന്ന നദിയിൽ നിന്നാണ് ഈ പല്ലിഭീകരന് പേരു കിട്ടിയത്.

### ഏറ്റവും വിഷമുള്ള മത്സ്യം

ഏറ്റവും വിഷമുള്ള മത്സ്യം എന്ന ഗിന്നസ് റെക്കോർഡ് സ്റ്റോൺ ഫിഷിനാണ്. മണൽത്തട്ടിൽ അനങ്ങാതെ കിടക്കാൻ വിരുതനാണ് ഇവൻ. അറിയാതെങ്ങാനും ചവിട്ടിപ്പോയാൽ ഇവൻെറ ആക്രമണം ഉറപ്പ്!

# എന്റെ പനിനീർച്ചെടി

അങ്കണത്തിന്നലങ്കാരമായൊരു
ചെമ്പനീർച്ചെടി നട്ടു വളർത്തി ഞാൻ
ജാതമോദമതിന്നനുവാസരം
ശീതളജലധാര പകർന്നു ഞാൻ.
നാൾക്കുനാളതിൽ നാമ്പുണരുന്നതു
നോക്കി നോക്കി മനം കുളുർപ്പിക്കുവാൻ,
മുട്ടുതോറും കിളുർക്കും മുളകളെ
ക്ഷുദ്രകീടം കരളാതെ കാക്കുവാൻ,
അങ്കുരിക്കും കുരുന്നിലയുഗ്രമാ-
മുച്ചവെയിലേറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്നു ഞാനപ്പുതു-
പുഷ്പവല്ലിക്കു കാവൽമാലാഖയായ്.
മഞ്ഞുപെയ്യുന്ന ഹേമന്തസൗഭഗം
എൻെറ നാടിനെ പുൽകിയ വേളയിൽ

പറവക്കൂട്ടം

ആകമാനം തളിർത്തു മനോഹര-
ശ്യാമളാംഗിയായെൻ പനിനീർച്ചെടി.
ശുദ്ധമാകും തുഷാരകണങ്ങളാൽ
മുത്തണിഞ്ഞു സുമംഗലിയാകവേ
ചില്ലതോറും പലകാങ്കുരം കണ-
ക്കുല്ലസിച്ചു മുകുളമുളകളും.
പൊൻപുലരിത്തുടുപ്പിനെ നോക്കിയ-
പ്പൊൻമുകുളങ്ങൾ മന്ദഹസിക്കവേ
ആർത്തിരമ്പുകയായനുവേലമെ-
ന്നന്തരംഗത്തിലാനന്ദസാഗരം.

## കാലിതൊഴുത്തിലെ തിരുപിറവി

ഗലീലിയയിലെ നസറത്തിലായിരുന്ന ജോസഫ് എന്ന തച്ചനും ഭാര്യ മറിയവും. പൂർണ്ണ ഗർഭിണിയായിരുന്ന മറിയവുമായി ജോസഫ് സ്വന്തം നാടായ ബത്ലേഹമിലേക്ക് വന്നത് ജനസംഖ്യ കണക്കെടുപ്പിൽ എണ്ണം കൊടുക്കാനായിരുന്നു. കിടക്കാനൊരിടം എങ്ങും കിട്ടിയില്ല. ഏറെ നടന്ന് ഒടുവിൽ ഒരു വീടിന്റെ തൊഴുത്തിൽ ഇടം കിട്ടി. പാതിരാനേരമായപ്പോൾ മറിയത്തിന്റെ പുത്രനായ യേശു പിറന്നു.കുഞ്ഞിനെ പുൽക്കൂട്ടിൽ കിടത്തി. മാലാഖമാരുടെ നിർദേശവനുസരിച്ച ആദ്യം ഉണ്ണിയെ കാണാനെത്തിയത് ആട്ടിടയൻമാരാണ്.ദിവ്യനക്ഷത്രത്തെ പിന്തുടർന്ന് മൂന്ന് ജ്ഞാനികൾ വന്നു. ബത്ലേഹമിനു മുന്നിൽ നക്ഷത്രം നിശ്ചലമായി. ജ്ഞാനികൾ യേശുദേവനെയും മറിയത്തെയും കണ്ട് സ്വർണ്ണവും, കുന്തിരിക്കവും മറ്റും നൽകി. ഈ പിറവിയുടെ ആഘോഷമാണ് ക്രിസ്മസ്.

പറവക്കൂട്ടം

# കടം കഥകൾ

*1.* അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില.

ഉ: പപ്പടം

2. അകത്തു രോമം പുറത്തിറച്ചി.

ഉ: മൂക്ക്

3. എത്ര കത്തിയാലും അണയാത്ത വിളക്ക്.

ഉ: സൂര്യൻ

4. ആകാശത്തെത്തുന്ന തോട്ടി.

ഉ: കണ്ണ്

5. ആയിരം തത്തയ്ക്ക് ഒരു കൊക്ക്.

ഉ: വാഴക്കുല

6. എട്ടെല്ലെൻ കുട്ടപ്പനൊറ്റക്കാലൻ.

ഉ: കുട

7. ഒറ്റക്കാലൻ കിളി ഒരുപറ മുട്ടയിട്

ഉ: അടയ്ക്കാ

8. ചത്തവന്റെ വയറ്റിൽ ചുട്ടവനെ കയറ്റി.

ഉ: ചക്ക മുറിക്കുന്നത്

9. ഇത്തിരി മുറ്റത്ത് അഞ്ചു കാവൽക്കാർ.

ഉ: കൈവിരൽ

10. ഇരുട്ടുപുരയിൽ കുട്ടിയാന.

ഉ: പത്തായം

പറവക്കൂട്ടം

# എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും ളുവെള്ളിക്കതിർ ചിന്നും
ളുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന -
മിന്നിതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു.
‘‘മുൾച്ചെടിത്തലപ്പത്തും പുഞ്ചിരിവിരിയാറു”
ണ്ടചെറുപൂന്തോപ്പിലെപ്പനിനീരുരയ്ക്കുന്നു.
മധുവിൻ മത്താൽപ്പാറി  മൂളുന്നു മധുപങ്ങൾ:
‘‘മധുരമീജ്ജീവിതം ചെറുതാണെന്നാകിലും.’’
പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി
പറവൂ മഹത്തത്ത്വം:  “പരസേവനം കാര്യം "
ആരല്ലെൻ ഗുരുനാഥ,രാരല്ലെൻ  ഗുരുനാഥർ?
പാരിതില്ലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടന്തോ!

പറവക്കൂട്ടം

## ക്വിസ്

1: പെട്രോൾ കണ്ടുപിടിച്ചത് ആര്?

ഉ: കാൾബെൻസ്

2.ഏറ്റവും വലിയ ഗുഹാക്ഷേത്രം?

ഉ: എല്ലോറ

3.ആദ്യ മലയാള സിനിമ?

ഉ :വിഗതകുമാരൻ

4.കേരളത്തിന്റെ തലസ്ഥാനം?

ഉ :തിരുവനന്തപുരം

5.കേരളത്തിന്റെ പ്രധാന ഭാഷ?

ഉ :മലയാളം

പറവക്കൂട്ടം

6.ഇന്ത്യയുടെ തലസ്ഥാനം?

ഉ :ന്യൂഡൽഹി

7.ഏറ്റവും വലിയ രാജ്യം?

ഉ: റഷ്യ

8.മനുഷ്യ ശരീരത്തിലെ മസിലുകളുടെ എണ്ണം?

ഉ: 700

9.ഏറ്റവും ചെറിയ അസ്ഥി?

ഉ:സ്റ്റപിസ്സ്

10.നല്ല ചിത്രത്തിനുള്ള സ്വർണമെഡൽ നേടിയ ആദ്യ സിനിമ

ഉ:ചെമ്മീൻ {1965}

# ലോകം അവസാനിക്കുന്നേ

ഒരിടത്തൊരിടത്ത് ഒരു മണ്ടൻ മുയൽ ഉണ്ടായിരുന്നു. ഒരു ദിവസം അവൻ വലിയൊരു പ്ലവിൻചുവട്ടിൽ കിടക്കുകയായിരുന്നു. അപ്പോൾ അവൻ ലോകം അവസാനിക്കുന്നതായി സ്വപനം കണ്ടു. അപ്പോൾ ഒരു വലിയ ശബ്ദം കേട്ടു. സ്വപനത്തിൽ മുഴുകിയിരുന്ന മുയലിന് താൻകേട്ടത് ഭൂമി പിളരുന്നതായിതോന്നി.അവൻഅലറിപ്പറഞ്ഞു"ഹയ്യോ!ലോകം അവസാനിക്കുന്നേ. ജീവൻ വേണ്ടവർ ഓടിക്കോ.." മുയൽ നിലവിളിച്ചു കൊണ്ട് ഓടാൻ തുടങ്ങി. ഇതു കേട്ട് മറ്റു പലരും പേടിച്ച് ഓടാൻ തുടങ്ങി. "ഓടിക്കോ.. ലോകം അവസാനിക്കാൻ പോകുന്നേ.."അവരും പേടിച്ച് കൊണ്ട് ഓടാൻ തുടങ്ങി. മാനുകളും മുയലുകളും കഴുതകളും കടുവകളും പുലികളും എന്നു വേണ്ട, കാട്ടിലെ സകല മൃഗങ്ങളും പേടിച്ചു പരക്കം പാഞ്ഞു. മൃഗങ്ങളുടെ രാജാവായ സിംഹരാജൻ ഇത് കാണുന്നുണ്ടായിരുന്നു. സിംഹരാജൻ വേഗം താഴേക്കിറങ്ങിച്ചെന്ന് മൃഗങ്ങളെ തടഞ്ഞ്നിർത്തിക്കൊണ്ടവരോട് ചോദിച്ചു, എന്തിനാണ് നിങ്ങൾ ഇങ്ങനെ പേടിച്ചോടുന്നത്? ലോകം അവസാനിക്കാൻ പോകുവ തമ്പുരാനേ.. ഞങ്ങൾ അതുകൊണ്ട് രക്ഷപ്പെട്ട് ഓടുകയാണ് "..കൂട്ടത്തിലുണ്ടായിരുന്ന ഒരു കുരങ്ങൻ പറഞ്ഞു. അത് കേട്ടു സിംഹരാജൻ ചിരിച്ചു നിങ്ങളോട് ആരാണീ മണ്ടതരം പറഞ്ഞത്?" സിംഹരാജൻ കുരങ്ങനോട് ചോദിച്ചു. "മാൻ പറഞ്ഞത് കോട്ടാണ് ഞാൻ ഓട്ടിയത്." കുരങ്ങൻ പറഞ്ഞു. മാൻ പറഞ്ഞു കഴുത തന്നോട് പറഞ്ഞതാണെന്ന്. അങ്ങനെ പറഞ്ഞ്പറഞ്ഞ് മുയലിൽ എത്തി. മുയൽ പറഞ്ഞു, ഞാൻ ശരിക്കും കണ്ടതാണ് പ്രഭു, ആ വല്ലി മലയുടെ പിന്നിലുള്ള പ്ലാവിന്റെ അടുത്ത് ചെന്ന് നോക്കിയപ്പോൾ അവിടെ ഒന്നും ഇല്ലയിരുന്നു. പെട്ടന്ന് ഒരു ശബ്ദം കേട്ടു അപ്പോൾ മുയൽ പറഞ്ഞു താണ് ഞാൻ കേട്ട ശബ്ദം, അവിടെ ചെന്ന് നോക്കിയപ്പോൾ ഒരു ചക്കമാത്രം. അപ്പോൾ അവന് മനസ്സിലായി അവൻ കേട്ടത് ചക്കവീണ ശബ്ദമായിരുവെന്ന് മനസ്സിലായി. എല്ലാവരും അവനെ കളിയാക്കി ചിരിച്ചു.അ.വൻ തല താഴ്ത്തി ഓടി.

പറവക്കൂട്ടം

## തിരിച്ചുവരവിന്റെ കഥ

കൊട്ടാരത്തിലെത്തിയ കാദാരാജകുമാരൻ തന്റെ അമ്മയെ കണ്ട് വാരിപ്പുണർന്നു. തന്റെ ഭാര്യയെ ആശ്ലേഷിച്ചു. അച്ഛന്റെ അനുഗ്രഹം നേടി, പിന്നീട് കാട്ടിൽവെച്ചു നടന്ന കഥ വിവരിച്ചു. എന്റെ ഭാര്യ വൈദ്യനെ തേടിപ്പോയപ്പോൾ അതുവഴി കടന്നുപോയ ഒരു വഴിപോക്കൻ എന്നെ തോളിലേറ്റികൊണ്ടു പോയി. അയാൾ വീട്ടിൽ കൊണ്ടുചെന്ന് എന്നെ ശുശ്രൂഷിച്ചു. സുഖം പ്രാപിച്ച ഞാൻ പിന്നീട് പട്ടണത്തിലെത്തി. അപ്പോഴാണ് യുദ്ധത്തിന്റെ കാര്യമറിഞ്ഞത്. ഞാൻ ആ ഗ്രാമത്തിലെ ജനങ്ങളോട് എന്റെ കഥ പറഞ്ഞു. അവർ എനിക്ക് വേണ്ടി കുതിരപ്പടയൊരുക്കി അങ്ങനെ എനിക്കിവിടെ എത്തിച്ചേരാനുള്ള ഭാഗ്യം ലഭിച്ചു.അഭിമാന പുളകിതനായ രാജാവ് കാദായെ കെട്ടിപ്പിടിച്ചു പിന്നെ കൊലയാളികളായ രാജകുമാരന്മാരെ വധിപ്പാൻ അദ്ദേഹം വീണ്ടും ഉത്തരവിട്ടു.പക്ഷേ, കാദാ രാജകുമാരൻ അത് തടഞ്ഞു കൊണ്ട് പറഞ്ഞു: പിതാവേ.......അവിവേകംകൊണ്ടാണ് അവരത് ചെയ്തത്. അങ്ങ് എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ അവർക്ക് മാപ്പുനൽകുക. അവർ എന്റെ സഹോദരൻമ്മരാണ്, അങ്ങയുടെ മക്കൾ.കാദാ രാജക്കുമാരന്റെ ആ വാക്കുകൾ കേട്ട് രാജാവിന്റെ കണ്ണു നിറഞ്ഞു. അദ്ദേഹം രാജക്കുമാരന്മാർക്ക് മാപ്പുനൽകി.പിന്നീട് ഹൃദയശുദ്ധിയുള്ള ആ കാദാ രാജാകുമാരനെ അദേഹം തന്റെ അനന്തരാവകാശിയായി പ്രഖ്യാപിച്ചു.

## നല്ല നാളുകൾ

പാൽപുഴ നിന്റെ പാട്ടുകൾ കേട്ടി
പടവിൽ ഞാനമിരുന്നോട്ടെ
കുഞ്ഞോളങ്ങൾ മുത്തമിട്ടും,
കളിവഞ്ചിയിതൊന്നു തുഴഞ്ഞോട്ടേ.
കനവും കണ്ടു മയങ്ങും കറ്റിൻ
കതിൽ കവിതകൾ മുളട്ടെ
കയ്യിൽ കിട്ടിയ കളിവീണ ഞാൻ
മീട്ടിപ്പാടി രസിച്ചോട്ടെ
കാട്ടിൽ, മേട്ടിൽ, കാനനനടുവിൽ
കുട്ടരോടൊത്തു കളിച്ചോട്ടേ
മഞ്ഞേകുന്ന പുതപ്പ് പുതച്ചീ
മലയോരത്തു മയങ്ങട്ടെ
മാനവരൊത്തു വസിക്കും നല്ലൊരു
നാളുകൾ സ്വപനം കണ്ടോട്ടെ.

# കടംകഥകൾ

1. അകം എല്ലും തോലും പുറം പൊന്തം പൊന്തം.

വൈക്കോൽത്തുറു

2. അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി.

മുഖം

3. അകത്തു രോമം പറത്തിറച്ചി.

മൂക്ക്

4. അകത്തു തിരിയിട്ടി പുറത്തിറച്ചി.

കുരുമുളക്

5. അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയില.

പപ്പടം

6. അമ്മ കിടക്കും മകളുരുളും.

അമ്മിയും അമ്മിക്കുഴയും

7. അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്.

ചിരവ

8. അമ്മ പെറ്റതെല്ലാം കറുത്തപട്ടാളം.

കട്ടുറുമ്പ്

9. അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്.

ചിരവ

10. ആയിരം തത്തയ്ക്ക് ഒരു കൊക്ക്.

വാഴക്കുലയും കുടപ്പനും

# പുൽച്ചെടികൾ

മഞ്ഞുനീർത്തുള്ളി ചൂഡാമണിചാർത്തുന്ന
കുഞ്ഞു കറുകാദി പുൽച്ചെടികൾ
പാരിനെ നിത്യഹരിതാഭവാക്കുന്ന
കോരിത്തരിപ്പിക്കും പുൽച്ചെടികൾ
നട്ടുച്ചനേരത്തും പൂഴിപഴുക്കാതെ
പട്ടുവിരിക്കുന്ന പുൽച്ചെടികൾ
അന്നമായ് നമ്മളെ തീററിപ്പോററീടുന്ന
ധാന്യങ്ങളേകുന്ന പുൽച്ചെടികൾ
നെല്ലുമാ ഗോതമ്പും കമ്പവും ബാർലിയും
ചാമയും ചോളവും പുൽച്ചെടികൾ

പറവക്കൂട്ടം

ഈയും നീലക്കരിമ്പും മുളകളും
മുറ്റിത്തഴച്ചിട്ടും പുൽച്ചെടികൾ
മേഞ്ഞു നടക്കുന്ന കന്നുകാലികൾക്ക്
നെഞ്ചു കുളിർപ്പിപ്പൂ പുൽച്ചെടികൾ
കുത്തൊഴുക്കിൽപ്പെട്ടു മണ്ണുപോയിടാതെ
കാത്തു നിർത്തീടുന്നു പുൽച്ചെടികൾ
ഒക്കെയും പുല്ലെന്ന് പുച്ഛിച്ചിടുന്നവർ
ഓർക്കുകാ സംസ്കൃതി പുൽച്ചെടികൾ

പറവക്കൂട്ടം

## ക്വിസ്

1.ലോകത്തെ ഏറ്റവും വലിയ രാജ്യമേത്?

ഉത്തരം:റഷ്യ

2.ലോകത്തെ ഏറ്റവും വലിയ ഗ്രഹമേത്?

ഉത്തരം :വ്യാഴം

3.ലോകത്തെ ഏറ്റവും വലിയ മതിൽ?

ഉത്തരം : വൻമതിൽ

4.ഏറ്റവും വേഗതയുള്ള പക്ഷി?

ഉത്തരം :സ്വിഫ്റ്റ്

5.ഏറ്റവും നീളം കൂടിയ നദി?

ഉത്തരം : നൈൽ

6.ഏറ്റവും ഉയരം കൂടിയ ടവർ?

ഉത്തരം : ഈഫൽ ടവർ

7.ഏറ്റവും ഉയരം കൂടിയ കൊടുമുടി?

ഉത്തരം: എവറസറ്റ് കൊടുമുടി

8.ഏറ്റവും ആഴം കൂടിയ സമുദ്രം?

ഉത്തരം :പസഫിക്

9.ഏറ്റവും വേഗതയുള്ള ജന്തു?

ഉത്തരം : ചീറ്റ

10.കേരളത്തിന് എത്ര തുറമുഖങ്ങളുണ്ട്?

ഉത്തരം : 17

പറവക്കൂട്ടം

## തോറ്റവരുടെ ഉപദേശം

അമോഘപുരി എന്ന രാജ്യത്ത് ചെങ്കുത്തായ ഒരു പടകൂറ്റൻ പാറകെട്ടുണ്ട്-അജയ്യശില. അജയ്യശില കീഴടക്കുന്നവരെ വീരന്മാരായാണ് കണക്കാക്കുറ്. അതുകൊണ്ട് അമോഘപുരിയുടെ സൈന്യത്തിൽ ചേരുന്നവരെല്ലാം അതിനു ശ്രമിക്കും. അപൂർവ്വം പേരെ വിജയിക്കാറുള്ളൂ എന്നുമാത്രം. ഇപ്പോഴത്തെ സൈന്യത്തിൽ ഒരെ ഒരാളാണ് ആ നേട്ടം കൈവരിച്ചത്. സൈന്യധിപൻ സോമസേനൻ. ഒരിക്കൽ വരദൻ എന്ന യുവസൈനികൻ അജയ്യശിലയിൽ കയറാൻ തീരുമാനിച്ചു. അജയ്യശില കീഴടക്കാൻ ശ്രമിക്കുന്നവരെല്ലാം സോമസേനന്റെ ഉപദേശം തേടാറുണ്ട്.വിജയിച്ച ആൾ അദ്ദേഹം മാത്രമാണല്ലോ!എന്നാൽ വരദൻ സോമസേനനെ കാണാൻ ചെന്നില്ല.പലരും പറഞ്ഞു "ഹും...അഹങ്കാരി! വിജയിച്ചവരുടെ ഉപദേശം തേടുന്നത് കുറച്ചിലാണെന്നാണ് വിചാരം !''എന്നാൽ വരദൻ അജയ്യശില കീഴടക്കി ! അതറിഞ്ഞ സോമസേനൻ വരദനെ വിളിപ്പിച്ചു. "നിങ്ങൾ എന്റെ ഉപദേശം തേടാൻ വരാതിരുന്നത് എന്തുകൊണ്ടാണ് ?'' വരദൻ തൊഴുതുകൊണ്ട് പറഞ്ഞു "ക്ഷമിക്കണം അജയ്യശിലയിൽ കയറുമ്പോൾ എന്തെല്ലാം തെറ്റുകൾ പറ്റാം എല്ല പഠിക്കാനാണ് ഞാൻ ശ്രമിച്ചത്. അതുകൊണ്ട് ശ്രമിച്ചുതോറ്റ നൂറോളം പേരെ ഞാൻ കണ്ട് ഉപദേശം തേടി. പരാജയപ്പെട്ടവരിൽനിന്നാണല്ലോ നമ്മൾ കൂടുതൽ പഠിക്കുക.''

പറവക്കൂട്ടം

# വണ്ടും ഞണ്ടും

വണ്ടുരുള്ളൊരു വണ്ടും
മുണ്ടുരുള്ളൊരു ഞണ്ടും
കണ്ടു, തമ്മിലിടഞ്ഞു,
ശണ്ഠ തുടങ്ങീ രണ്ടും
ഞണ്ടൊരിറുക്ക കൊടുത്തു,
വണ്ടു കിടന്നു മുരണ്ടു-അതു
കണ്ടൊരു പൂച്ച വിരണ്ടു.

# ആന വരുന്നുണ്ടേ

ആനവരുന്നുണ്ടേ

വെളുവെളെ  കൊമ്പുകൾ രണ്ടാണേ...

കാലുകൾ നാലാണേ,കരിവീട്ടിത്തൂണുകൾ പോലാണേ

വാലൊരു ചൂലാണേ മുറംപോലെ

വീശും ചെവികളുണ്ടേ

മാമല പോലെ വരും,വലിയൊരാനയെ

ഞാൻ കണ്ടേ...!!

പറവക്കൂട്ടം

## ക്രിസ്തുമസ് ഫാദർ

ക്രിസ്മസിനോടനുബന്ധിച്ച് കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരാളാണല്ലോ സാന്താക്ലോസ്. മഞ്ഞുതോപ്പിയും ചുവന്ന രോമകുപ്പായവും പച്ചനിറത്തിലുള്ള സമ്മാനസഞ്ചിയുമേന്തി റെയിഡിയ- റുകൾ വലിക്കുന്ന മഞ്ഞുവണ്ടിയിൽ വരുന്ന സാന്താക്ലോസിന്റെ ചിത്രം ഏതു കുട്ടിയിലാണ് സന്തോഷം ജനിപ്പിക്കാത്തത് ?

എ.ഡി 270-നോട് അടുത്ത തുർക്കിയിലെ മീറയിൽ ജീവിച്ചിരുന്ന നിക്കോളോസാണ് പിൽക്കാലത്ത് സാന്താക്ലോസായി അറിയപ്പെട്ടത്. ഡയാന ദേവതയെ ആരാധിക്കാൻ കൂട്ടാക്കാതെയിരു-ന്ന നിക്കോളാസിനെ ഡയോക്ലിഷ്യൻ ചക്രവർത്തി ജയിലിലടച്ചു.പിന്നീട് വന്ന കോൺസ്റ്റന്റിയൻ ചക്രവ-ർത്തിയുടെ കാലത്ത് അദ്ദേഹം ജയിലിൽ നിന്നും മോചിതനായി.ചക്രവർത്തി ക്രിസതുമത- ത്തെ രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും നിക്കോളാസിനെ മീറയിലെ ബിഷപ്പാക്കുകയും ചെയ്തു. ഏ.ഡി 326 ഡിസംബർ 6- ന് സാന്താക്ലോസ് അന്തരിച്ചു. ഡിസംബർ 6-ന് സഭ ഈ വിശുദ്ധനെ അനുസ്മരിക്കുന്നു.

# മദർ തെരേസ

_അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ഉപവിപ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയ ക്രൈസ്തവ_സന്യാസിനിയായിരുന്നു മദർ തെരേസ (ആഗ്നസ്) ഓഗസ്റ്റ്26,-1910 സെപ്റ്റംബർ 5 1997 മിഷനറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിൽ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയ്ക്ക് പ്രസ്തുത സേവനപ്രവർത്തനങ്ങളുടെ േരിൽ 1979-ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം നൽകപ്പെട്ടു. 2016 സെപ്റ്റംബർ 4-ന് മദർ തെരേസയെ ഫ്രാൻസീസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.ജന്മംകൊണ്ട് ബേനിയനും, പൗരത്വം കൊണ്ട് ഇന്ത്യനും, ജീവിതംകൊണ്ട് കത്തോലിക്കസന്യാസിനിയുമാണ് താനെന്ന് മദർ തെരേസ പറയുമായിരുന്നു. മദർ തെരേസയുടെ കീഴിൽ വളർന്ന മിഷണറീസ് ഓഫ് ചാരിറ്റി ഇതര രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. ഇപ്പോൾ 133 രാജ്യങ്ങളിലായി ഏതാണ്ട് 4,500 ഓളം സന്യാസിനിമാർ ഈ സംഘടനയുടെ പേരിൽ സന്നദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു. 45 വർഷത്തോളം ലോകത്തിലെ വിവിധയിടങ്ങളിലെ അശരണരരുടേയും, രോഗികളുടേയും, അനാഥരുടേയും ആശ്രയകേന്ദ്രമായിരുന്നു മദർ തെരേസ. 1970-കളോടെ ലോകമെങ്ങും അറിയപ്പെടുന്ന സാമൂഹികപ്രവർത്തകയായി അവർ മാറി. മരണ ശേഷം ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കൊൽക്കത്തയിലെ വാഴ്ത്തപ്പെട്ട തെരേസ എന്ന പേരിൽ അവരെ

പറവക്കൂട്ടം

വാഴ്ത്തപ്പെട്ടവളായിപ്രഖ്യാപിച്ചു.ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ധാരാളം ബഹുമതികൾക്ക് മദർ തെരേസ അർഹയായിട്ടുണ്ട്. അമേരിക്കയിലെ ജനങ്ങൾ ആരാധിക്കുന്ന ലോകത്തിലെ പത്തു വനിതകളുടെ പട്ടികയിൽ മദർ തെരേസ ഉൾപ്പെട്ടിട്ടുണ്ട്. നേബേൽ സമ്മാനത്തിന്റെ ഭാഗമായി ലഭിച്ച 192,000 ത്തോളം അമേരിക്കൻ ഡോളർ ഇന്ത്യയിലെ അവശതയനുഭവിക്കുന്ന പാവങ്ങളുടെ ക്ഷേമത്തിനായി അവർ ചിലവഴിച്ചു. മാർപ്പാപ്പനൽകുന്ന പുരസ്കാരം, ഫിലിപ്പീൻസ് സർക്കാരിന്റെ മാഗ്സസെ പുരസ്കാരം എന്നിവയും അവരുടെ സേവനത്തിനുള്ള ബഹുമതിയായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ ലോകത്തിന്റെ ഭാഗങ്ങളിലുള്ള ചാരിറ്റി സംഘടനകളുടെ വിവിധ പുരസ്കാരങ്ങളും മദർ തെരേസക്ക് ലഭിച്ചിട്ടുണ്ട്.